വിദേശ കമ്പനികളുടെ സർക്കാർ ഭൂമി

117(1183) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വിദേശ കമ്പനികൾ സർക്കാർ ഭൂമി കൈവശം വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് നിലവിലുള്ള അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം വിദേശ കമ്പനികൾ നിയന്ത്രിച്ചിരുന്ന സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

(എ) സ്വാതന്ത്ര്യത്തിനുശേഷം വിദേശ കമ്പനികൾ കൈവശം വച്ചിരുന്ന ഭൂമി ഭരണഘടനയുടെ 296-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായി. പ്രസ്തുത ഭൂമി സ്വതന്ത്ര ഇന്ത്യയിൽ ബ്രിട്ടീഷ് കമ്പനികളോ, അവരുടെ ഇവിടത്തെ ഏജന്റുമാരോ നിലവിലെ കൈവശക്കാർക്ക് കൈമാറിയതായി അവകാശപ്പെടുന്ന ഇന്ത്യൻ കമ്പനികളാണ് നിലവിലുള്ളതായി കാണുന്നത്. ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയും പ്രസ്തുത കമ്പനിയിൽനിന്നും ഭൂമി വിലയ്ക്ക് വാങ്ങിയവരും തിരുവനന്തപുരം-പട്ടം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ട്രാവൻകൂർ റബ്ബർ & റ്റീ കമ്പനിയും അതിന്റെ അനുബന്ധ കമ്പനികളും മൂന്നാറിലെ കെ.ഡി.എച്ച്. കമ്പനിയും ഇത്തരത്തിൽ സർക്കാർ ഭൂമി അനധികൃതമായി കൈവശം വച്ചുവരുന്നു.

(ബി) ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽനിന്നും ഭൂമി വിലയ്ക്ക് വാങ്ങിയവരും അനധികൃതമായി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി സ്വാതന്ത്ര്യത്തിന് മുമ്പ് മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡ് എന്ന വിദേശ കമ്പനി കൈവശം വച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം ഉപേക്ഷിച്ചുപോയതുമാണ്. നിയമപ്രകാരം കേന്ദ്ര ഗവൺമെന്റോ റിസർവ് ബാങ്കോ അനുവദിച്ചാൽ മാത്രമേ വിദേശീയർക്ക് ഇന്ത്യയിൽ ഭൂമി ഇടപാട് നടത്താൻ കഴിയുമായിരുന്നുള്ളൂ. പ്രസ്തുത ഇനത്തിൽപ്പെട്ട 38051 ഏക്കൽ ഭൂമി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽനിന്നും ലാന്റ് കൺസർവ്വൻസി ആക്ട് പ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശപ്രകാരം പ്രസ്തുത ഉത്തരവുകളുടെ തൽസ്ഥിതി തുടരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശത്തിലുള്ള സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി 25-4-13-ലെ ജി.ഒ. (എം.എസ്.) നമ്പർ 161/2013/ആർ.ഡി. ഉത്തരവ് പ്രകാരം എറണാകുളം ജില്ലാ കളക്ടറായ ശ്രീ. എം. ജി. രാജമാണിക്യം ഐ.എ.എസ്.-നെ സ്പെഷ്യൽ ഓഫീസറായി ചുമതലപ്പെടുത്തി ഉത്തരവായി. ആദ്യഘട്ടമായി സ്പെഷ്യൽ ഓഫീസർ ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശത്തിലുള്ള 38,051 ഏക്കർ ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുത്ത് ഉത്തരവായി. വിദേശ കമ്പനികൾ സ്വാതന്ത്ര്യത്തിന് മുമ്പ് കൈവശം വച്ചിരുന്ന ഭൂമി, സ്വാതന്ത്ര്യാനന്തരം കേരള സർക്കാരോ കേന്ദ്ര ഗവൺമെന്റോ നിലവിലെ കൈവശക്കാർക്ക് കൈമാറ്റം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും കെ.എൽ.സി. നിയമപ്രകാരം അനധികൃത കൈവശങ്ങൾ കണ്ടെത്തി, സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനും സ്പെഷ്യൽ ഓഫീസർ & കളക്ടർ, ഗവൺമെന്റ് ലാന്റ് റിസംപ്ഷനെ ചുമതലപ്പെടുത്തിക്കൊണ്ട് 30-12-2015-ലെ ജി.ഒ.(എം.എസ്.) 703/2015/ആർ.ഡി. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ വെളിച്ചത്തിൽ സ്പെഷ്യൽ ഓഫീസർ & കളക്ടർ, ഗവൺമെന്റ് ലാന്റ് റിസംപ്ഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടയവിതരണത്തിനുള്ള നടപടി

118(1184) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിലെ അത്തിക്കയം, തെക്കേതൊട്ടി, ചൂരക്കുഴി, പെരുമ്പെടി, അറയാഞ്ഞിലിമൺ, പമ്പാവാലി പ്രദേശങ്ങളിലെ പട്ടയ വിതരണത്തിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ; ഓരോ പ്രദേശത്തും എത്ര കുടുംബങ്ങൾക്കാണ് ഇനി പട്ടയം ലഭിക്കാനുള്ളത്;

(ബി) പട്ടയം നൽകാനായി ഓരോ പ്രദേശത്തും എന്തൊക്കെ നടപടികളാണ് പൂർത്തിയായിട്ടുള്ളത്; എത്ര അപേക്ഷകൾ വീതം ലഭിച്ചിട്ടുണ്ട്;

(സി) ഓരോ ഭാഗത്തും പട്ടയം ലഭിക്കുന്നതിനായി എത്ര സർവ്വേ ടീമുകളെ നിയോഗിച്ചിട്ടുണ്ട്; ഇവരുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ഡി) ഓരോ പ്രദേശത്തും എത്ര പേർക്ക് പട്ടയം നൽകി എന്നും, അവശേഷിക്കുന്നവർക്ക് എന്ന് പട്ടയം നൽകും എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly